"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 05-05-2020

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

## സർക്കുലർ നം സർക്കുലർ നം.37

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറെ നിർദ്ദേശമനുസരിച്ച് ജയിലിൽ കോവിഡ് 19 മായി ബന്ധപ്പെട്ട് തടവുകാരെ പ്രവേശിപ്പിക്കുന്ന സമയത്ത് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ എല്ലാ ജയിൽസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

1. ജയിൽ ജീവനക്കാർ ജയിലിലെ ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ കോവിഡ്–19 സംശയിക്കുന്ന തടവുകാരുടെ ഐഡൻറിഫിക്കേഷൻ നടത്തേണ്ടതാണ്.
2. കോവിഡ്–19 സംശയിക്കപ്പെടുന്ന തടവുകാരെ ഒറ്റമുറിയിൽ ഐസലേറ്റ് ചെയ്യേണ്ടതാണ്.
3. റിസ്ക് മേഖലയിൽ നിന്നും അറസ്റ്റ് ചെയ്യപ്പെടുന്ന തടവുകാരെ ജയിലിൽ പ്രവേശിപ്പിക്കുന്ന സമയത്ത് തെർമൽ സ്ക്രീനിംഗ് നടത്തേണ്ടതാണ്.
4. ജയിലിൽ പ്രവേശിപ്പിക്കപ്പെടുന്ന തടവുകാർക്ക് മുൻപ് പനി, ചുമ, ശ്വാസതടസ്സം എന്നിവ നേരിട്ടിരുന്നുവോ എന്നും, 14 ദിവസത്തിനുള്ളിൽ തടവുകാർ കോവിഡ് ബാധിത മേഖലയിൽ സഞ്ചരിച്ചിരുന്നുവോ എന്നും, കോവിഡ് ബാധിത വ്യക്തികളുമായി സമ്പർക്കം ഉണ്ടായിട്ടുണ്ടോ എന്നുമുള്ള വിവരശേഖരണം നടത്തേണ്ടതാണ്.
5. പുറമെ നിന്നുള്ളവർ തടവുകാരെ കാണുന്നതിനുള്ള നിയന്ത്രണം തുടരേണ്ടതാണ്.
6. ജയിലിൽ പ്രവേശിക്കുകയും ജയിലിൽ നിന്നും പുറത്ത് പോവുകയും ചെയ്യുന്ന വ്യക്തികളുടെ ദിന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
7. ജയിലിൽ തടവുകാർ ശാരീരിക അകലം പാലിക്കേണ്ടതും ജയിലിലെ അനിയന്ത്രിതമായുള്ള സഞ്ചാരം തടയേണ്ടതുമാണ്.
8. കോവിഡ്–19 ബാധിച്ച തടവുകാരനോ, കോവിഡ് ബാധിച്ച വ്യക്തിയുമായി സമ്പർക്കത്തിലേർപ്പെട്ട തടവുകാരനോ ക്വാറൻറീനിലിരിക്കെ വിടുതൽ ചെയ്യപ്പെടുന്നുണ്ടെങ്കിൽ അപ്രകാരം വിടുതൽ ചെയ്യപ്പെടുന്ന വ്യക്തി സ്വദേശത്ത് ക്വാറൻറീനിൽ ആണെന്ന് ജയിലുദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.
9. തടവുകാരുമായി ഇടപഴകുന്ന ജയിലുദ്യോഗസ്ഥർ താഴെ പറയുന്ന മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

a) വെള്ളവും സോപ്പുമുപയോഗിച്ച് കൈകൾ നിരന്തരം കഴുകേണ്ടതും ടവ്വൽ ഉപയോഗിച്ച് തുടയ്ക്കേണ്ടതുമാണ്.
b)70% ആൽക്കഹോൾ അടങ്ങിയ ഹാൻറ് സാനിറ്റൈസർ ഉപയോഗിക്കേണ്ടതാണ്.
c)ശാരീരിക അകലം പാലിക്കേണ്ടതാണ്.
d)മൂക്കും, വായും, മറയ്ക്കുന്ന തരത്തിലുള്ള മാസ്ക് ഉപയോഗിക്കേണ്ടതാണ്.
e)വൃത്തിഹീനമായ കൈകൾ ഉപയോഗിച്ച് കണ്ണിലും, മൂക്കിലും, വായിലും തൊടുന്നത് ഒഴിവാക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ സ്ഥാപനമേധാവികൾക്കും (02.05.2020 ലെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കത്ത് ഉള്ളടക്കം ചെയ്യുന്നു.)

പകർപ്പ് : ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്,
ദക്ഷിണമേഖല/മദ്ധ്യമേഖല/ഉത്തരമേഖല